# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1847** — **14/08/2017-ൽ മറുപടിക്ക്**

## കുട്ടനാട്ടിലെ ജലജന്യരോഗങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അൻവർ സാദത്ത്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** ജലജന്യ രോഗങ്ങളുടെ ഈറ്റില്ലമായി കുട്ടനാട് മാറിയതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | **എ)** ജലജന്യ രോഗങ്ങളായ അക്യൂട്ട് ഡെയറിയൽ ഡിസീസ്, കോളറ, ടൈഫോയ്ഡ് എന്നീ രോഗങ്ങൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് ആലപ്പുഴ ജില്ലയിൽ വളരെ കുറവാണ്. എന്നാൽ എലിപ്പനി 163 കേസും 1 മരണവും ഉണ്ടായിട്ടുണ്ട്.<br>വ്യക്തിശുചിത്വമില്ലായ്മ, ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ്, സാനിട്ടറി കക്കൂസുകളുടെ അഭാവം, പരിസര മലിനീകരണം എന്നിവയാണ് ജലജന്യ രോഗങ്ങൾക്കുള്ള കാരണങ്ങൾ. |
| **ബി)** എലിപ്പനി ബാധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നവരിൽ ഭൂരിപക്ഷവും കുട്ടനാട്ടുകാരാണെന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | **ബി)** എലിപ്പനി ബാധിച്ച് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നവർ ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ്. ഭൂരിഭാഗവും കുട്ടനാട്ടുകാരല്ല. |
| **സി)** കുട്ടനാട്ടിൽ, എപ്പിഡമിയോളജിക്കൽ സർവ്വെ നടത്തി നിർദ്ധനരായ കർഷക തൊഴിലാളികളെയും കർഷകരെയും മാരകരോഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ? | **സി)** തത്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**